# Meeting between External Affairs Minister and Foreign Minister of Maldives

August 13, 2020

# വിദേശകാര്യമന്ത്രിയും മാൽദ്വീപ് വിദേശകാര്യമന്ത്രിയും തമ്മിലുള്ള യോഗം

ഓഗസ്റ്റ് 13, 2020

1. ഇന്ത്യയുടെ വിദേശകാര്യമന്ത്രിയായ ഡോ. എസ് ജയശങ്കറും (EAM) മാൽദ്വീപ് വിദേശകാര്യ മന്ത്രിയായ അബ്ദുല്ല ഷാഹിദും തമ്മിൽ 2020 ഓഗസ്റ്റ് 13 ന് വീഡിയോ കോൺഫറൻസിലൂടെ സമ്മേളനം നടത്തി.
2. ഈ സംവാദം ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള ഉന്നതതല ചർച്ചകളുടെ ഭാഗമായിരുന്നു. ഉഭയകക്ഷിബന്ധങ്ങളുടെ അവലോകനം നടത്തുന്നതിനും കോവിഡ്-19 പശ്ചാത്തലത്തെയും മൊത്തത്തിലുള്ള ഉഭയകക്ഷിപങ്കാളിത്തം എന്നിവ സംബന്ധിച്ച് പ്രധാനമായ പ്രഖ്യാപനങ്ങൾ നടത്തുന്നതിനും ഇത് അവസരം നൽകിയിരിക്കുന്നു. ഏറെക്കാലമായി ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള ബന്ധങ്ങൾ മന്ത്രിമാർ ചർച്ച ചെയ്യുകയും, കോവിഡ്-19 പകർച്ചവ്യാധിയ്ക്ക് ഉഭയകക്ഷി സഹകരണത്തിന്റെ തോത് കുറയ്ക്കാനായില്ല എന്ന് നിരീക്ഷിക്കുകയും ചെയ്തു. മാൽദ്വീപ് സർക്കാരിന് ഇന്ത്യൻ സർക്കാരിന്റെയും ഇന്ത്യൻ ജനതയുടെയും ആശംസകൾ വിദേശകാര്യമന്ത്രി അറിയിച്ചു കൂടാതെ തങ്ങളുടെ സമുദ്രമേഖലയിലെ വിദൂര അയൽവാസിയും പ്രതിസന്ധി സമയങ്ങളിൽ സുഹൃത്തും മാലിദ്വീപിനോപ്പം നിൽക്കുമെന്ന് പ്രസിഡണ്ട് സോലിഹിന് അദ്ദേഹം ഉറപ്പു നൽകി.

3. COVID-19 പകർച്ച വ്യാധിയെ നേരിടുന്നതിനായി ഇന്ത്യയും മാൽദ്വീപും സഹകരണത്തോടെ പ്രവർത്തിച്ചതിൽ വിദേശകാര്യമന്ത്രി സന്തോഷം പ്രകൈപ്പിച്ചു കൂടാതെ COVID -19 പശ്ചാത്തലത്തിൽ ഇന്ത്യയിൽ നിന്നും അയൽ രാജ്യങ്ങളിലേക്ക് നൽകിയ സഹായത്തിന്റെ വലിയ ഗുണഭോക്താവ് മാൽദ്വീപ് ആണെന്നും അദ്ദേഹം പറഞ്ഞു. പകർച്ചവ്യാധിയുടെ ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ തടയുന്നതിന് സാധ്യമായ പിന്തുണ നൽകുന്നത് ഇന്ത്യ തുടരുന്നതാണെന്നും വിദേശകാര്യമന്ത്രി ഉറപ്പു നൽകി. മികച്ച രീതിയിൽ പരസ്പര ബന്ധം സ്മൃതിയ്ക്ക് കാരണമാകുന്നുവെന്ന് വിദേശകാര്യമന്ത്രിയും മാൽദ്വീപ് വിദേശകാര്യ മന്ത്രി ഷാഹിദും ഊന്നിപ്പറഞ്ഞു.

4. ഡിജിറ്റൽ വിഡിയോ കോൺഫറൻസിൽ , വിദേശകാര്യമന്ത്രി താഴെ കൊടുത്ത പ്രഖ്യാപനങ്ങളാണ് നടത്തിയത്.

(i) മഹത്തായ മെയിൽ കണക്ടിവിറ്റി പ്രൊജക്റ്റ് (GMCP):

മാൽദ്വീപ് സർക്കാരിന്റെ അഭ്യർത്ഥനയോട് പ്രതികരിക്കുമ്പോൾ, 100 മില്യൺ യു എസ് ഡോളർ ഗ്രാന്റും 400 യു എസ് ഡോളർ പുതിയ ക്രെഡിറ്റ് ലൈനുമുൾപ്പടെയുള്ള സാമ്പത്തിക പാക്കേജിലൂടെ മാലദ്വീപിൽ GMCP നടപ്പിലാക്കുന്നതിനുള്ള ഇന്ത്യൻ സർക്കാരിന്റെ

തീരുമാനം വിദേശകാര്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി, മാൽദ്വീപ് സർക്കാരിൽ നിന്നുള്ള അഭ്യർത്ഥനയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഏകദേശം 6 .7 കിലോമീറ്ററുകൾ വിസ്തൃതിയുള്ള കോസ്‌വേ ബ്രിഡ്ജ് പണിതു കൊണ്ട് മെയിലിനെ (മാൽദ്വീപിന്റെ തലസ്ഥാനം) തൊട്ടടുത്തുള്ള മൂന്നു ദ്വീപുകളായ- വില്ലിംഗിലി, ഗുൽഹിഫാഹു (ഇവിടെയാണ് ഇന്ത്യൻ LoC യിൽ തുറമുഖം പണിയുന്നത്) കൂടാതെ തിലാഫുഷി (പുതിയ വ്യസായമേഖല എന്നിവയെ ) എന്നിവയുമായി ബന്ധിപ്പിക്കുന്നതാണ്. ഒരിക്കൽ പൂർത്തിയാക്കിയാൽ, ഈ പ്രധാന പ്രോജക്ട് 4 ദ്വീപുകൾ തമ്മിലുള്ള ബന്ധം രൂപപ്പെടുത്തുന്നു, ഇത് വഴി സാമ്പത്തിക പ്രവർത്തനങ്ങൾ വർധിപ്പിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മെയിൽ പ്രവിശ്യയിലെ നഗര വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ii. ഇന്ത്യയും മാൽദ്വീപും തമ്മിൽ നേരിട്ടുള്ള കാർഗോ ഫെറി സർവീസ് തുടങ്ങുക: ഇന്ത്യയും മാൽദ്വീപും തമ്മിൽ ഫെറി സർവീസ് തുടങ്ങുന്നുവെന്ന മജ്‌ലിസിൽ 2019 ജൂണിൽ ഇന്ത്യൻ പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനത്തെ അനുസ്മരിച്ചു കൊണ്ടാണ്, നേരിട്ടുള്ള കാർഗോ ഫെറി സർവീസ് ഉടൻ തന്നെ തുടങ്ങുമെന്ന് വിദേശകാര്യമന്ത്രി പ്രഖ്യാപിച്ചത്. ഉഭയകക്ഷി ബന്ധങ്ങളും വ്യവസായവും വർദ്ധിപ്പിക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും ഈ സർവീസിനുള്ള പ്രാധാന്യം വിദേശകാര്യമന്ത്രി അടിവരയിട്ടു സൂചിപ്പിക്കുകയുണ്ടായി. കാർഗോ ഫെറി സർവീസ് സമുദ്ര ഗതാഗതം മെച്ചപ്പെടുത്തുകയും മാൽദ്വീപുകളിലെ ഇറക്കുമതി ചെയ്യുവർക്കും ഇന്ത്യയിലെ കയറ്റുമതി ചെയ്യുന്നവർക്കും വസ്തുക്കളുടെ സാധ്യത നിർണയിക്കാനും കഴിയുന്നു.ഇത് വിതരണ ചെലവുകളുടെ വ്യാപാരികൾക്ക് ആവശ്യമായ സമയവും കുറയ്ക്കുന്നു.

iii. എയർ ട്രാവൽ ബബിൾ രൂപീകരിക്കുന്നത്: ഇന്ത്യയ്ക്കും മാൽദ്വീപുകൾക്കുമിടയിൽ ജോലി, വിനോദ സഞ്ചാരം, ചികിത്സ സംബന്ധിയായ അത്യാവശ്യങ്ങൾ മുതലായവയ്ക്കായി ആളുകളുടെ സഞ്ചാരം സൗകര്യപ്പെടുത്തുന്നതിനായി എയർ ട്രാവൽ ബബിൾ രൂപപ്പെടുത്തുന്നതാണെന്ന് വിദേശകാര്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. രാജ്യങ്ങൾ തമ്മിലുള്ള പ്രത്യേകമായ ബന്ധങ്ങൾ അടിസ്ഥാനമാക്കി എയർ ബബിൾ പ്രവർത്തനക്ഷമമാക്കുന്ന ആദ്യ അയൽ രാജ്യമായിരിക്കും മാൽദ്വീപ്. വിനോദ സഞ്ചാര യാത്രകൾ അതിൽ നിന്നുള്ള വരുമാനം എന്നിവ മാൽദ്വീപുകളിൽ മെച്ചപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പിന്തുണയാണ് എയർ ബബിൾ സൂചിപ്പിക്കുന്നത്. രണ്ടു രാജ്യങ്ങളിലെയും ആരോഗ്യ നയങ്ങൾ കർശനമായി പാലിക്കപ്പെടുന്നതാണ്. എയർ ബബിളിലിനു കീഴിലെ ആദ്യ വിമാനം ഓഗസ്റ്റ് 18 ന് തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

iv. മാൽദ്വീപിലേക്ക് അവശ്യ വസ്തുക്കളുടെ വിതരണം: 1981 ലെ പരസ്പരമുള്ള വ്യവസായ ഉടമ്പടി പാലിക്കുന്നതിനോടനുബന്ധിച്ച്, 2020 -21 വർഷത്തേയ്ക്ക് വിതരണം ചെയ്യേണ്ട അവശ്യ വസ്തുക്കളുടെ അളവ് പുതുക്കുന്നതിനുള്ള തീരുമാനം വിദേശകാര്യമന്ത്രി

അറിയിക്കുകയുണ്ടായി. വിതരണം വിപണന വസ്തുക്കളിൽ ഭക്ഷ്യ വസ്തുക്കളായ ഉരുളക്കിഴങ്ങ്, ഉള്ളി, അരി, ഗോതമ്പ്, പൊടികൾ, പഞ്ചസാര, പരിപ്പ്, മുട്ട എന്നിവയും പുഴമണൽ, ശിലാനിർമ്മിത വസ്തുക്കൾ എന്നിവയും ഉൾപ്പെടുന്നു. പുതിയ അളവുകൾ ഭക്ഷ്യ സുരക്ഷയും, അവശ്യ നിർമാണ വസ്തുക്കളുടെ വിതരണവും ഉറപ്പു വാഴ്ത്തുകയും അതുവഴി മാലദ്വീപിൽ അവശ്യ വസ്തുക്കളുടെ ലഭ്യതയും വിലയിലെ സ്ഥിരതയും പ്രദാനം ചെയ്യുന്നു. COVID -19 പകർച്ച വ്യാധി മൂലം വിതരണ ശ്യംഖല തടസപ്പെട്ടപ്പോൾ, ഇന്ത്യ മാൽദ്വീപിലേക്ക് അവശ്യ ഭക്ഷ്യ വസ്തുക്കളും നിർമ്മാണ വസ്തുക്കളും വിതരണം ചെയ്യുന്നത് തുടർന്നിരുന്നു. മെയ് 2020 ൽ, മിഷൻ സാഗറിലൂടെ ഇന്ത്യ 580 ടണ്ണുകൾ അവശ്യ ഭക്ഷ്യ വസ്തുക്കളും നൽകിയിരുന്നു.

v. അത്യാവശ്യ ഘട്ടത്തിലുള്ള സാമ്പത്തിക സഹായം: COVID -19 ന്റെ ഭാഗമായി മാലദ്വീപിൽ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നപ്പോൾ, മാൽദ്വീപിന്റെ സാമ്പത്തികമായി പുനഃസ്ഥാപിക്കുന്നതിന് സഹായിക്കുന്ന എന്ന പ്രതിബദ്ധതയോടെ ഇന്ത്യ സാമ്പത്തിക സഹായം നൽകിയിരുന്നു.മാൽദ്വീപ് സർക്കാരിനായി കഠിന ഉപാധികൾ ഇല്ലാത്ത വായ്പ സൗകര്യം ഏർപ്പെടുത്തി അത്യവശ്യ സാമ്പത്തിക സഹായം നൽകുന്നതിന് ഇന്ത്യൻ സർക്കാർ തീരുമാനിച്ചതായി വിദേശകാര്യമന്ത്രി പ്രഖ്യാപിച്ചു. വായ്പ ഉടമ്പടിയുടെ യഥാർത്ഥ മാതൃകകൾ ഇരു വിഭാഗങ്ങളും ചേർന്ന് തീരുമാനിക്കുന്നതാണ്.

5. തന്റെ സർക്കാരിന്റെ വികസനങ്ങൾക്ക് മുൻഗണന നൽകി യോഗത്തിൽ ഇന്ത്യൻ സർക്കാർ സ്വീകരിച്ച നടപടികളോട് വിദേശകാര്യമന്ത്രി ഷാഹിദ് അഭിനന്ദനം അറിയിച്ചു. മഹത്തായ മെയിൽ പ്രൊജക്റ്റ് ഇന്ത്യ-മാൽദ്വീപ് ബന്ധത്തിൽ പുതിയ നാഴികക്കല്ലായിരിക്കുമെന്നും ഇത് മാലിദ്വീപിലെ സാമ്പത്തിക വ്യാവസായിക മാറ്റങ്ങൾക്ക് കാരണമാകുമെന്നും അദ്ദേഹം നിരീക്ഷിച്ചു.ഇന്ത്യ നൽകിയ സമയോചിതമായ സാമ്പത്തിക സഹായത്തിനു വിദേശകാര്യമന്ത്രി ഷാഹിദ് നന്ദി അറിയിച്ചു.COVID -19 പ്രതിസന്ധിയിൽ ബുദ്ധിമുട്ടിയിരുന്നു മാൽദ്വീപിന്റെ സാമ്പത്തികാവസ്ഥയെ കരകയറ്റുന്നതിൽ ഇത് സഹായകമായെന്നു അദ്ദേഹം നിരീക്ഷിച്ചു.

6. എയർ ബബിൾ രൂപപ്പെടുത്തുന്നതിനും ഇന്ത്യയ്ക്കും മാൽദ്വീപിനും ഇടയിൽ നേരിട്ടുള്ള കാർഗോ ഫെറി സർവീസ് ഏർപ്പെടുത്തുന്നതിനും എടുത്ത തീരുമാനങ്ങളെ വിദേശകാര്യമന്ത്രി ഷാഹിദ് സ്വാഗതം ചെയ്തു. ഈ രണ്ടു നടപടികളും പരസ്പരമുള്ള വാണിജ്യവും വ്യക്തിഗത ബന്ധങ്ങളും ശക്തിപ്പെടുത്തുകായും ഇത് ക്രിയാത്മകമായ പങ്കാളിത്തത്തിന്റെ അടിത്തറയാകുകായും ചെയ്യുന്നു. 7. 2018 നവംബർ മുതൽ, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെയും മാൽദ്വീപ് പ്രസിഡണ്ട് ഇബ്രാഹിം മുഹമ്മദ് സോലിഹിന്റെയും നേതൃത്വത്തിൽ ഇന്ത്യയും മാൽദ്വീപും തമ്മിൽ പരസ്പര വിശ്വാസത്തിലും പങ്കിട്ട താല്പര്യങ്ങളിലും അടിസ്ഥാനപ്പെടുത്തിയ പങ്കാളിത്തത്തിന്റെ ക്രിയാത്മകവും ലക്ഷ്യബോധ്യത്തോടെയുമുള്ള ഘട്ടം ആരംഭിച്ചിരിക്കുന്നു. ഇന്ത്യയുടെ വിദേശ നയമായ 'അയൽരാജ്യങ്ങൾക്ക് മുൻഗണന'യും മാൽദ്വീപിന്റെ 'ഇന്ത്യയ്ക്ക് മുൻഗണന'

നയവും പരസ്പര പൂരകങ്ങളാണ് കൂടാതെ ഇപ്പോൾ പ്രത്യക്ഷ ഫലങ്ങൾ നൽകുകയും ചെയ്യുന്നു. കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ പ്രധാനമന്ത്രി മോദിയും പ്രസിഡണ്ട് സോലിഹും തമ്മിൽ കുറഞ്ഞത് നാല് തവണയെങ്കിലും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. COVID -19 നോട് അനുബന്ധിച്ച് പ്രസിഡണ്ട് സോലിഹ് ഈ വർഷം അവസാനത്തിൽ ഇന്ത്യ സന്ദർശിക്കുന്നതാണ്.

7. 800 മില്യൺ ഡോളറിന്റെ ക്രെഡിറ്റ് ലൈൻ ഉൾപ്പടെ ഉഭയകക്ഷി പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലും മറ്റു സംരംഭങ്ങളിലെയും പുരോഗതിയിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും മാൽദ്വീപ് വിദേശകാര്യമന്ത്രി അബ്ദുല്ല ഷാഹിദും സംതൃപ്തി പ്രകടിപ്പിച്ചു. ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സഹകരിച്ചു പ്രവർത്തിക്കുമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**ഓഗസ്റ്റ് 13, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.